(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക് നേരിട്ടു നല്കുന്നത് നിർത്തലാക്കി സംസ്ഥാന സർക്കാർ മുഖാന്തിരം പണം നല്കുന്ന വിധത്തിൽ പരിഷ്കാരം വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) കേന്ദ്ര ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമവും സമയബന്ധിതവുമാണെന്ന കാര്യം ഉറപ്പു വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, വാർഷിക പദ്ധതി അവലോകനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് സംസ്ഥാന പദ്ധതി ചെലവിനേക്കാൾ കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15 വർഷത്തിൽ സംസ്ഥാന പദ്ധതി ചെലവ് 71 ശതമാനവും കേന്ദ്രാവിഷ്കൃത പദ്ധതികളുടേത് 57 ശതമാനവുമാണ്.

(ബി) സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴി എല്ലാ കേന്ദ്ര സഹായവും നൽകുന്നതിന്റെ ഭാഗമായാണ് ഇപ്രകാരം നടപ്പിലാക്കിയിട്ടുള്ളത്.

(സി) കേന്ദ്ര ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമവും സമയബന്ധിതവുമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്

7 (*127) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. ടി. എ. റഹിം :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ് വിതരണത്തിൽ കടിശ്ശിക വന്നിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ബി) നിലവിൽ എന്ത് നിരക്കിലാണ് അനാഥാലയങ്ങൾക്ക് ഗ്രാന്റ് അനുവദിച്ചിരുന്നതെന്ന് അറിയിക്കുമോ ;

(സി) കടിശ്ശിക തീർക്കാനും വർദ്ധിപ്പിച്ച നിരക്കിലുള്ള ഗ്രാന്റിന്റെ വിതരണം നടത്താനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അനന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്. അനാഥാലയങ്ങൾ ഉൾപ്പെടെയുള്ള ക്ഷേമസ്ഥാപനങ്ങൾക്ക് 2014-15 വർഷത്തിൽ ഗ്രാന്റ് നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച 16,23,09,000 രൂപ ചെലവഴിച്ചു. 18,65,59,183 രൂപ കുടിശ്ശികയുള്ളതിൽ 9,32,80,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചു. 2014-15 വർഷത്തിൽ കുടിശ്ശിക ഉൾപ്പെടെ കൊടുത്തുതീർക്കുന്നതിന് അധിക ധനസഹായം വഴി 9,32,80,000 രൂപ അനുവദിച്ചത് ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഗ്രാന്റ് വിതരണം നടത്തുന്നതാണ്.

(ബി) 1000 രൂപ നിരക്കിൽ.

(സി) ഉണ്ട്. 2015-16 സാമ്പത്തിക വർഷം 15,99,64,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

തെരുവുനായ ശല്യം

8 (*128) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുനായ ശല്യം അനുദിനം രൂക്ഷമായി വരുന്ന സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിനായി ആക്ഷൻ പ്ലാൻ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) വീടുകളിൽനിന്നും തട്ടുകടകളുൾപ്പെടെയുള്ള ഭക്ഷ്യ വിപണന കേന്ദ്രങ്ങളിൽ നിന്നുമുള്ള ഭക്ഷണാവശിഷ്ടങ്ങളുടെ ലഭ്യത തെരുവോരങ്ങളിലും പൊതുസ്ഥലങ്ങളിലും വർദ്ധിച്ചതാണ് തെരുവുനായ്ക്കളുടെ എണ്ണത്തിലുണ്ടാവുന്ന വർദ്ധനയ്ക്ക് കാരണമെന്നത് പരിശോധിച്ചിട്ടിട്ടുണ്ടോ ;

(സി) തെരുവുനായ നിയന്ത്രണവും ഭക്ഷണാവശിഷ്ടങ്ങളുടെ കാര്യക്ഷമമായ നിർമ്മാർജ്ജനവും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

LIBRARY ARCHIVES Kerala Legislative Assembly